XI. ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കേരളത്തിന്റെ തീരദേശമേഖല ആകെ ദുരന്തം വിതച്ചുകൊണ്ടാണ് ഡിസംബർ 26-ന് സുനാമി തിരകൾ ആഞ്ഞടിച്ചത്. 204 പേരുടെ മരണത്തിനും ലക്ഷക്കണക്കിന് ജനങ്ങളുടെ ദുരിതത്തിനും വഴിവെച്ച ഈ അത്യപൂർവ്വ ദുരന്തത്തിന് ഇരയായവരെ രക്ഷിക്കേണ്ടത് മനുഷ്യസ്നേഹമുള്ള ആരുടേയും കടമയാണ്. പൊടുന്നനെയുണ്ടായ സുനാമി തിരകളുടെ ആക്രമണത്തിന് ഇരയായവരെ സഹായിക്കാൻ മലയാളികളും അല്ലാത്തവരുമായ സഹോദരങ്ങളും മറ്റു മനുഷ്യസ്നേഹികളും കാണിച്ച സമയോചിതമായ നടപടി പ്രശംസനീയം തന്നെയാണ്. സഹായഹസ്തവുമായി ഓടിയെത്തിയ എല്ലാ ജനവിഭാഗങ്ങളെയും നന്ദിയോടെ അനുസ്മരിക്കുന്നു.

സുനാമി ദുരന്തത്തിന് ഇരയായി വീടും നാടും വിട്ട് പോകേണ്ടിവന്നവരെ അവരവരുടെ ഇടങ്ങളിലേക്ക് മടക്കിക്കൊണ്ടുവരേണ്ടിയിരിക്കുന്നു. താൽക്കാലിക താമസസൗകര്യവും സ്ഥിരതാമസ സംവിധാനവും ഒരുക്കുവാനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. ഭീതി വിതറിയ സുനാമിയുടെ രണ്ടാം വരവ് ഫലപ്രദമായി തടയണം. കടൽഭിത്തി നിർമ്മാണം, ജീവനോപാധികൾ വിതരണം, കുടിവെള്ളം, വൈദ്യുതി, വൈദ്യസംരക്ഷണം, യാത്രാസൗകര്യം എന്നിവ അടിയന്തിര പ്രാധാന്യത്തോടെ നടത്തേണ്ടതുണ്ട്.

സുനാമി ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കാൻ കേന്ദ്ര ഗവൺമെന്റ് മുന്നോട്ട് വന്നിട്ടുണ്ട്. "ദുരന്തബാധിത പ്രദേശങ്ങളിലെ ജനജീവിതം പുനഃസ്ഥാപിക്കുന്നതിന് സംസ്ഥാനം ആവശ്യപ്പെട്ട മുഴുവൻ തുകയും അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, "സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ച് സഭ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ഓരോ പ്രദേശത്തും ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും ഉൾപ്പെടുന്ന ജനകീയ കമ്മിറ്റികൾ രൂപീകരിക്കണമെന്നും, സംസ്ഥാനത്തുണ്ടായിട്ടുള്ള ജീവഹാനിയും, നാശനഷ്ടങ്ങളും കേന്ദ്ര സർക്കാരിനെ പൂർണ്ണമായി ബോധ്യപ്പെടുത്തി അർഹമായ സഹായം നേടിയെടുക്കണമെന്നും, കേന്ദ്ര സർക്കാർ, വിവിധ ഏജൻസികൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും ലഭിച്ച ധനസഹായം യാതൊരു കാരണവശാലും വകമാറ്റി ചെലവഴിക്കരുതെന്നും ദുരിതത്തെ തുടർന്ന് ജീവഹാനി സംഭവിച്ചവരുടെയും കാണാതായവരുടേയും കുടുംബാംഗങ്ങൾക്ക് മതിയായ നഷ്ടപരിഹാരം ഉടനടി നൽകണമെന്നും, ദുരന്തത്തിനിരയായവർക്ക് വീടും ജീവനോപാധികളും നൽകുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കണമെന്നും ഈ സഭ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു." എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. ബിനോയ് വിശ്വം: സർ, റവന്യൂവും നിയമവും വകുപ്പുമന്ത്രി നോട്ടീസ് നൽകിയിട്ടുള്ള ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപത്തിൽ "ഭീതി വിതറിയ സുനാമിയുടെ രണ്ടാം വരവ് തടയണം" എന്ന വാചകം "ഭീതി വിതറിയ സുനാമി പോലുള്ള പ്രകൃതിക്ഷോഭങ്ങളെ ഫലപ്രദമായി തടയാൻ നമുക്ക് കഴിയണം" എന്ന് ഭേദഗതി ചെയ്യണം എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപം സ്വീകാര്യമല്ല. ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച ഭേദഗതി സ്വീകാര്യമാണ്.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഈ പറഞ്ഞതിൽ തന്നെ ഉറച്ചു നിൽക്കുകയാണ്. ഇത്തരത്തിൽ ഒരു ഉപക്ഷേപം വേണം. ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—29

1.	ശ്രീ.	വി. എസ്. അച്ചുതാനന്ദൻ
2.	,,	മഞ്ഞളാംകുഴി അലി
3.	,,	എ. എ. അസീസ്
4.	,,	കോടിയേരി ബാലകൃഷ്ണൻ
5.	,,	എ. കെ. ബാലൻ
6.	,,	ടി. കെ. ബാലൻ
7.	,,	ബിനോയ് വിശ്വം
8.	,,	വി. കെ. ചന്ദ്രൻ
9.	,,	വി. ചെന്താമരാക്ഷൻ
10.	,,	ടി. കെ. ദേവകുമാർ
11.	,,	പി. സി. ജോർജ്
12.	ശ്രീമതി	ഗിരിജാ സുരേന്ദ്രൻ
13.	ശ്രീ.	എം. വി. ജയരാജൻ
14.	ഡോ.	കെ. സി. ജോസഫ്
15.	ശ്രീ.	എം. കുമാരൻ
16.	,,	കെ. വി. കുഞ്ഞിരാമൻ
17.	,,	വി. കെ. സി. മമ്മത് കോയ
18.	,,	മത്തായി ചാക്കോ
19.	,,	കെ. പി. മോഹനൻ

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. സി. കെ. നാണു
21. ,, കെ. രാധാകൃഷ്ണൻ
22. ,, എൻ. രാജൻ
23. ,, കെ. പി. രാജേന്ദ്രൻ
24. ,, ടി. പി. രാമകൃഷ്ണൻ
25. ,, കെ. പി. സതീശ് ചന്ദ്രൻ
26. ,, എ. സി. ഷൺമുഖദാസ്
27. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
28. ശ്രീ. പി. എസ്. സുപാൽ
29. ഡോ. തോമസ് ഐസക്ക്

പ്രതികൂലിക്കുന്നവർ—62

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, സി. ടി അഹമ്മദ് അലി
4. ,, എ. പി. അനിൽകുമാർ
5. ,, എ. കെ. ആന്റണി
6. ,, എൻ. ഡി. അപ്പച്ചൻ
7. ,, ഇ. എം. അഗസ്തി
8. ,, കെ. ബാബു
9. ,, ബാബു ദിവാകരൻ
10. ,, പി. കെ. കെ. ബാവ
11. ,, ടി. വി. ചന്ദ്രമോഹൻ
12. ,, കെ. എ. ചന്ദ്രൻ
13. ,, ഡൊമിനിക് പ്രസന്റേഷൻ
14. ,, ജോർജ് ജെ. മാത്യു
15. ശ്രീമതി കെ. ആർ ഗൗരിയമ്മ
16. ,, എലിസബത്ത് മാമ്മൻ മത്തായി
17. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
18. ,, ഉമ്മൻ ചാണ്ടി
19. ,, ജോസഫ് എം. പുതുശ്ശേരി
20. ,, പി. ജെ. ജോയി
21. ,, ജി. കാർത്തികേയൻ
22. ,, കെ. എൻ. എ. ഖാദർ
23. ,, കെ. കെ. നായർ
24. ,, പി. കെ. കുഞ്ഞാലിക്കുട്ടി

LIBRARY ARCHIVES Kerala Legislative Assembly

25. ഡോ. എം. എ. കുട്ടപ്പൻ
26. ശ്രീ. ലൂഡി ലൂയിസ്
27. ,, സി. മമ്മൂട്ടി
28. ,, കെ. എം. മാണി
29. ,, എ. കെ. മണി
30. ,, സി. മോയിൻകുട്ടി
31. ,, ആര്യാടൻ മുഹമ്മദ്
32. ,, സി. പി. മുഹമ്മദ്
33. ,, എം. മുരളി
34. പ്രൊഫ. എ. ഡി. മുസ്തഫ
35. ശ്രീ. എഴുകോൺ നാരായണൻ
36. ,, അടൂർ പ്രകാശ്
37. ,, ടി. എൻ. പ്രതാപൻ
38. ,, എം. കെ. പോൾസൺ മാസ്റ്റർ
39. ,, ജി. പ്രതാപവർമ്മ തമ്പാൻ
40. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
41. ശ്രീമതി രാധാ രാഘവൻ
42. ശ്രീ. എം. വി. രാഘവൻ
43. ,, എ. എൻ. രാജൻ ബാബു
44. ,, യു. സി. രാമൻ
45. ,, തമ്പാനൂർ രവി
46. ,, റോഷി അഗസ്റ്റിൻ
47. ,, ടി. പി. എം. സാഹിർ
48. ,, എൻ. ശക്തൻ
49. ,, പി. ശങ്കരൻ
50. ശ്രീമതി മാലേത്ത് സരളാദേവി
51. ശ്രീ. വി. ഡി. സതീശൻ
52. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
53. ശ്രീ. കെ. കെ. ഷാജു
54. ,, കടവൂർ ശിവദാസൻ
55. ശ്രീമതി ശോഭനാ ജോർജ്
56. ശ്രീ. സ്റ്റീഫൻ ജോർജ്
57. ,, ഡി. സുഗതൻ
58. ,, എ. സുജനപാൽ
59. ,, എൻ. സുന്ദരൻ നാടാർ
60. ,, പി. ടി. തോമസ്
61. ,, തോമസ് ചാഴികാടൻ
62. ,, കെ. സി. വേണുഗോപാൽ

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

അനുകൂലിക്കുന്നവർ—29

പ്രതികൂലിക്കുന്നവർ—62

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപം സഭ തള്ളിയിരിക്കുന്നു.

ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി അവതരിപ്പിച്ച ഉപക്ഷേപം ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച ഭേദഗതിയോടുകൂടി അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കുമായി കാന്റീനിൽ ലഘുഭക്ഷണം അറേഞ്ച് ചെയ്തിട്ടുണ്ട്. അത് കഴിക്കണം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ഇന്ന് 4 മണിക്ക് വച്ചിട്ടുള്ള അപരാഹ്ന സമ്മേളനത്തിൽ ഞങ്ങൾക്ക് ഇരിക്കാൻ നിർവ്വാഹമില്ല. അത് 7-ാം തീയതി യിലേക്കോ മറ്റോ മാറ്റിയാൽ കൊള്ളാമായിരുന്നു.

മി. സ്പീക്കർ: സഭയുടെ പൊതുധാരണ അനുസരിച്ച് ഇന്ന് ഉച്ചയ്ക്കുശേഷം 4 മണിക്ക് അപരാഹ്ന സമ്മേളനത്തിൽ പരിഗണനയ്ക്കെടുക്കാനിരുന്ന ബില്ലുകൾ ഫെബ്രുവരി 7-ാം തീയതി 4 മണിക്ക് സഭ ചേർന്നു പരിഗണിക്കുന്നതാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ഫെബ്രുവരി 4-ാം തീയതി, വെള്ളിയാഴ്ച്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.22-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly